## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2748 — 06.11.2019-ൽ മറുപടിയ്ക്ക്.

## പാലുത്പാദനത്തിലെ സ്വയംപര്യാപ്തത

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.ജെ. മാക്സി** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാലുത്പാദനത്തിൽ സംസ്ഥാനം സ്വയം-പര്യാപ്തത കൈവരിച്ചോ എന്നറിയിക്കാമോ; | (എ) കൈവരിച്ചിട്ടില്ല.<br>സംസ്ഥാനം പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കൊണ്ടിരുന്ന സന്ദർഭത്തിലുണ്ടായ പ്രളയം ക്ഷീര മേഖലയെ ഗുരുതരമായി ബാധിക്കുകയും പാലുല്പാദനത്തിൽ കുറവുണ്ടാവുകയും ചെയ്തിട്ടുണ്ട്. ഈ കുറവുകൾ നികത്തി സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) നിലവിൽ സംസ്ഥാനത്ത് ദിനംപ്രതി എത്ര ലിറ്റർ പാലിന്റെ ആവശ്യമാണുള്ളത്; അതിൽ എത്ര ലിറ്റർ പാൽ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നു; മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്ര ലിറ്റർ പാലിന്റെ ആവശ്യകത വരുന്നു; വിശദാംശം വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് ജനസംഖ്യാടിസ്ഥാനത്തിൽ ദിനംപ്രതി ഏകദേശം 87 ലക്ഷം ലിറ്റർ പാലിന്റെ ആവശ്യകതയുള്ളതായാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 80 ശതമാനത്തിന് മുകളിൽ തദ്ദേശീയമായി ഉൽപാദിപ്പിക്കുന്നുണ്ട്.<br>മിൽമ മുഖേന നിലവിൽ ദിനംപ്രതി 1.5 ലക്ഷം ലിറ്റർ പാൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നുണ്ട്. |
| (സി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ പാലിൽ മായം ചേർക്കുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് ഒട്ടാകെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പാലിന്റെ 1083 സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയതിൽ 85 സാമ്പിളുകൾ ഗുണനിലവാരം കുറഞ്ഞതായും 6 സാമ്പിളുകൾ misbranded ആയും 19 സാമ്പിളുകൾ സുരക്ഷിതമല്ലാത്തവ ആയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**